ദേശാഭിമാനി

30 ജനുവരി 2020

# ചാല ഗവ. ഹൈസ്കൂളിൽ മിയാവാക്കി കാട് വളരും

**തിരുവനന്തപുരം**

പ്രകൃതിയോടിണങ്ങി ചാല ഗവ. ഹൈസ്കൂളിൽ ഇനി മിയാവാക്കി കാട് വളരും. ജാപ്പനീസ് സസ്യശാസ്ത്രജ്ഞൻ പ്രൊഫ. ഡോ. അകിരാ മിയാവാക്കിയുടെ 92–ാം ജന്മദിനത്തോടനുബന്ധിച്ചാണ് സ്കൂളിലെ 10 സെന്റ് സ്ഥലത്ത് മിയാവാക്കി കാടൊരുക്കിയത്. സ്കൈപ്പിൽ കുട്ടികളോട് സംസാരിച്ച അകിരാ മിയാവാക്കി കേരളത്തിൽ നടത്തുന്ന പ്രവർത്തനങ്ങൾക്ക് ആശംസകൾ നേർന്നു. ഇത്തരത്തിൽ കൂടുതൽ മാതൃകകൾ സൃഷ്ടിക്കണമെന്നും അദ്ദേഹം പറഞ്ഞു. കുട്ടികൾ അദ്ദേഹത്തിന് ജന്മദിനാശംസകൾ നേർന്നു.



ചാല ഹൈസ്കൂളിലെ വിദ്യാർഥികളും ഡോ. കസ്യൂ ഫുജിവാരായും ചേർന്ന് സ്കൂളിൽ തൈ നടുന്നു

നാച്ച്വറൽസ് ഗ്രീൻ ഗാർഡിയൻസ് ഫൗണ്ടേഷൻ ചെയർമാൻ പ്രൊഫ. വി കെ ദാമോദരൻ ആദ്യ മരം നട്ടു. മിയാവാക്കിയുടെ പ്രഥമ ശിഷ്യരിൽ ഒരാളായ യോക്കോഹമ യൂണിവേഴ്സിറ്റിയിലെ പ്രൊഫസർ ഡോ. കസ്യൂ ഫുജിവാരായും മിയാവാക്കിയോടൊപ്പം പുസ്തകം രചിച്ച അമേരിക്കയിലെ ജോർജിയ യൂണിവേഴ്സിറ്റിയിലെ പ്രൊഫ. ഡോ. എൾജീനും നിർദേശങ്ങൾ നൽകി. തുടർന്ന് സ്കൂൾ വിദ്യാർഥികളും അതിഥികളും ചേർന്ന് 1600 ഓളം മരങ്ങൾ നട്ടുപിടിപ്പിച്ചു.

കേരള ഡെവലപ്മെന്റ് ആൻഡ് ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിലിന്റെ (കെ ഡിസ്ക് ) നേതൃത്വത്തിൽ നാച്ച്വറൽസ് ഗ്രീൻ ഗാർഡിയൻസ്, കൾച്ചർ ഷോപ്പി എന്നിവർ ചേർന്നാണ് പദ്ധതി നടപ്പാക്കുന്നത്.

കെ ഡിസ്കിലെ പ്രതിനിധികളായി ഷക്കീല, രോഹിത്, ചീഫ് ഫോറസ്റ്റ് ഓഫീസർ പത്മ മൊഹന്തി, ഇൻവീസ് മൾട്ടി മീഡിയ ഡയറക്ടർ ഹരി, പിടിഎ പ്രസിഡന്റ് പി മോഹനൻ, എച്ച്എം കെ രാജേന്ദ്രൻ, സ്കൂൾ വികസന സമിതി അംഗം സജി, എസ്പിസി പ്രസിഡന്റ് ഗുരുമൂർത്തി എന്നിവർ സംസാരിച്ചു.